പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *616 — 24.05.2017 ലെ മറുപടിക്ക്.

## ലോക കേരളസഭ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ. അബ്ദുൾ ഹമീദ്. പി | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ലോക കേരള സഭയുടെ ഘടനയും പ്രവർത്തന രീതിയും വിശദമാക്കുമോ; | (എ) പ്രവാസി വിഷയങ്ങൾ ചർച്ചചെയ്യുക, വിദഗ്ധരുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുക, നൂതനമായ പ്രവാസ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുന്നതിൽ സർക്കാരിന് മാർഗ്ഗ നിർദ്ദേശം നൽകുക തുടങ്ങിയ ഉദ്ദേശ്യങ്ങളോടെയാണ് ലോകകേരളസഭ സംഘടിപ്പിക്കുന്നത്. നിയമസഭാ സമാജികരും, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കുന്ന പ്രവാസിമലയാളികളുടെ പ്രതിനിധികളുമാണ് സഭയിലെ അംഗങ്ങൾ. വിഷയാധിഷ്ഠിത ചർച്ചകളും സെമിനാറുകളും ഇതിന്റെ ഭാഗമാക്കുവാൻ പദ്ധതിയുണ്ട്. വർഷത്തിലൊരിക്കലെങ്കിലും സഭ സമ്മേളിക്കാനാണ് ലക്ഷ്യമിടുന്നത്. ലോക കേരളസഭയുടെ ആദ്യ സമ്മേളനം 2018 ജനുവരി മാസം തിരുവനന്തപുരത്ത് നടത്താനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) ഇത്തരം വേദി രൂപീകരിക്കുന്നതിന്റെ നിയമവശം പരിശോധിച്ചിട്ടുണ്ടോ; ആയതിന് കേന്ദ്രാനുമതി ആവശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) ഇത്തരം ഒരു ചർച്ചാ വേദി രൂപീകരിക്കുന്നതിന് നിയമ തടസമുള്ളതായി കണ്ടെത്തിയിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള പ്രത്യേക അനുമതി ആവശ്യമില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ.